C.B(1)48328/16

Office of the Registrar of Co-operative Societies
Thiruvananthapuram, Dated: 09/11/2016
Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

## സർക്കുലർ നമ്പർ. 41/2016

വിഷയം:- 500/- , 1000/- രൂപാ നോട്ടുകൾ അസാധുവാക്കിയത് സംബന്ധിച്ച്
സൂചന:- കേന്ദ്രസർക്കാരിന്റെ 08/11/2016ലെ നോട്ടിഫിക്കേഷൻ നമ്പർ S.O.3407(E)

കേന്ദ്ര സർക്കാർ സൂചന പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ, 2016 നവംബർ 9-ാം തീയതി മുതൽ രാജ്യത്ത് നാളിതുവരെയുള്ള നിലവിലിരുന്ന 500/-, 1000/- രൂപ നോട്ടുകൾ അസാധുവാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ താഴെപറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. യാതൊരു കാരണവശാലും 8/11/2016 രാത്രി 12 മണിക്കുശേഷം സൂചന പ്രകാരം അസാധുവാക്കപ്പെട്ട 500/-, 1000/- രൂപ ബാങ്ക് നോട്ടുകൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുവാനോ, വിതരണം ചെയ്യുവാനോ പാടുള്ളതല്ല. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ അവർക്കെതിരെയും ബന്ധപ്പെട്ട സംഘം ഭരണ സമിതിക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
2. വായ്പയോ മറ്റിനങ്ങളിലോ ഇടപാടുകാർക്ക് നൽകേണ്ട/നൽകാനുള്ള തായ തുക മേൽപറഞ്ഞ ബാങ്ക് നോട്ടുകൾക്ക് പുറമേയുള്ള ബാങ്ക് നോട്ടുകൾ ഉപയോഗിച്ചുമാത്രം നൽകുക.
3. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ (MDS) പ്രതിമാസ തവണ ഒടുക്കുന്നതിന് ബാങ്ക് നോട്ടുകളുടെ കുറവ് ഉണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് 2016 നവംബർമാസം 9 മുതൽ 15 വരെയുള്ള MDSപദ്ധതികളിലെതവണയടവ് ഉപഭോക്താക്കൾക്ക് നഷ്ടമുണ്ടാകാത്ത് രീതിയിൽ(വീതപലിശ, പിഴപലിശ) പുനക്രമീകരിച്ചു നൽകേണ്ടതാണ്.
4. 2016 നവംബർ 9-ാം തീയതിയിൽ പണമിടപാടുകൾ നടത്താൻ പാടുള്ളതല്ല. എന്നാൽസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കേണ്ടതും ഈ നിയമമാററം മൂലമുണ്ടാകുന്ന വ്യവസ്ഥകൾ പാലിച്ച് തുടർന്നുള്ള ദിവസങ്ങളിൽ ഇടപാടുകൾ നടത്തേണ്ടതുമാണ്.

5. ഡെയിലി കളക്ഷൻ മുഖാന്തിരം ലഭിക്കുന്ന കളക്ഷൻ തുകയിൽ അസാധു വാക്കിയ 500/- , 1000/- രൂപയുടെ നോട്ടുകൾ ഇല്ലായെന്നുള്ളത് ഉറപ്പുവ രുത്തേണ്ടതാണ്. 8/11/2016 ന് കളക്ഷൻ ഏജന്റ്മാർ കളക്ടു ചെയ്ത തുകയിൽ 500/- , 1000/- രൂപ നോട്ടുകൾ ഉണ്ടെങ്കിൽ ആയത് അതാത് ഇ ടപാടുകാർക്ക് തിരിച്ച്നൽകുകയുംഅവരിൽ നിന്ന് 11/11/2016 മുതൽറി സർവ്വ് ബാങ്ക് നിർദ്ദേശ പ്രകാരമുള്ള പുതിയ നോട്ടുകൾ ലഭ്യമാക്കി സംഘ ത്തിൽ/ബാങ്കിൽ അടയ്ക്കേണ്ടതുമാണ്.
6. റിസർവ്വ് ബാങ്ക് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന എല്ലാ ബാങ്കിംഗ് സ്ഥാപനങ്ങളും 2016 നവംബർ 8 ന് ബാങ്കിംഗ് പ്രവർത്തനം അവസാനി ക്കുന്ന മണിക്കൂറിൽ 500/- , 1000/- രൂപയുടെ ബാങ്ക് നോട്ടുകളുടെ എണ്ണ വും,തുകയും എഴുതി സൂക്ഷിക്കേണ്ടതും, റിസർവ്വ് ബാങ്കിന്റെ അതാത് റീജിയണൽ ആഫീസുകളിൽ 2016 നവംബർ 10-ാം തീയതി 1.00 p.m ന് മുമ്പായി വിവരം എഴുതി സമർപ്പിക്കേണ്ടതും പകർപ്പ് സഹകരണ സംഘംരജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.
7. എല്ലാ സഹകരണ സംഘങ്ങളും മുകളിൽ സൂചിപ്പിച്ച വിവരം **2016 നവം ബർ 10-ാം തീയതി 11.am ന്** മുമ്പായി സഹകരണ സംഘം രജിസ്ട്രാർക്ക് രേഖാമൂലം അറിയിക്കേണ്ടതാണ്.
8. റിസർവ്വ് ബാങ്ക് ലൈസൻസോടെ പ്രവർത്തിക്കുന്ന സഹകരണ ബാങ്കു കൾ, സൂചന പ്രകാരമുള്ള കേന്ദ്രസർക്കാർ നോട്ടിഫിക്കേഷൻ ലഭ്യമാക്കി നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
**എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്**
സഹകരണസംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ അസിസ്റ്റന്റ്ഡയറക്ടർമാർക്കും
6. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
7. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും
8. എല്ലാ സഹകരണ ബാങ്കുകൾക്കും, സംഘങ്ങൾക്കും/ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന
9. വെബ്സൈറ്റ്
10. സ്റ്റോക്ക്ഫയൽ